# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2333 — 08/7/2015 -ൽ മറുപടിക്ക്

## മീനാട് ശുദ്ധജലപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മീനാട് ശുദ്ധജലപദ്ധതി (ജപ്പാൻ കുടി വെള്ള പദ്ധതി) പ്രകാരം എത്ര കിലോമീറ്റർ ദൂരത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിരുന്നത്; | (എ) മീനാട് ശുദ്ധജല വിതരണ പദ്ധതി പ്രകാരം 963 കിലോമീറ്റർ ദൂരത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) പ്രസ്തുത വിതരണ ലൈൻ നിലവിൽ എത്ര കിലോമീറ്റർ ദൂരം സ്ഥാപിച്ചു കഴിഞ്ഞുവെന്ന് അറിയിക്കുമോ; | (ബി) പ്രസ്തുത വിതരണ ലൈൻ നിലവിൽ 787 കിലോമീറ്റർ ദൂരം സ്ഥാപിച്ചു കഴിഞ്ഞു |
| (സി) ഈ പദ്ധതി പ്രകാരം ഇനി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ളത് ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് അറിയിക്കുമോ; | (സി) ഈ പദ്ധതി പ്രകാരം ചാത്തന്നൂർ പഞ്ചായത്തിൽ പൈപ്പ് ലൈൻ ഏറെക്കുറെ പൂർണ്ണമായി സ്ഥാപിച്ചുകഴിഞ്ഞു. കരവാളൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം മയ്യനാട്. നെടുമ്പന, ആദിച്ചനല്ലൂർ (പാർട്ട്), ചിറക്കര, പൂതക്കുളം എന്നീ പഞ്ചായത്തുകളിലും പരവൂർ മുനിസിപ്പാലിറ്റിയിലും പൈപ്പ് ലൈൻ പണികൾ പൂർത്തീകരിക്കാനായി ബാക്കിയുണ്ട്. |
| (ഡി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും എന്നത്തേക്ക് പൈപ്പ് സ്ഥാപിക്കൽ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി M/s. TECPRO എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ടി കമ്പനി സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത കരാർ 10/3/2015-ൽ റദ്ദ് ചെയ്ത് പുതിയ കരാർ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ കരാർ നൽകി 2016 ഡിസംബറോടുകൂടി പണികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ